**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2390** **17.08.2017-ന് മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ പരിപാലനം**

| **ചോദ്യം**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | | **മറുപടി**<br>**ശ്രീ. കെ. രാജു**<br>**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിന് നടപ്പസാമ്പത്തിക വർഷം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (എ) | സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി നടപ്പ സാമ്പത്തിക വർഷം കാട്ടുതീയിൽനിന്നുള്ള സംരക്ഷണം, കഞ്ചാവ്കൃഷി തടയൽ, ചന്ദനവനങ്ങൾ, ചോലവനങ്ങൾ, കുന്നുകൾ, വയലുകൾ തുടങ്ങിയ പ്രത്യേക ഇക്കോമേഖലയുടെ സംരക്ഷണം, നിലവിലെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണി, നടപ്പാതകളുടേയും ട്രക്കിംഗ് പാതകളുടേയും അറ്റകുറ്റപ്പണികൾ, ഫോറസ്റ്റ് സ്റ്റേഷനുകളുടെ നവീകരണം, വനസംരക്ഷണ വാച്ചർമാർക്ക് തൊഴിൽ നൽകൽ, പങ്കാളിത്ത ഏജൻസികളായ വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റകൾക്കുള്ള സഹായങ്ങൾ, ജണ്ട, കയ്യാല, തടയണകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, ചന്ദനവന സംരക്ഷണം, നിയമ സഹായം, രഹസ്യ വിവരങ്ങൾ ശേഖരിക്കൽ, വയർലസ് സാങ്കേതികവിദ്യ നടപ്പിലാക്കൽ, ദ്രുതകർമ്മസേന ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുക എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ഈ ലക്ഷ്യം മുൻനിർത്തി വനസംരക്ഷണ സമിതികളുടെയും ഗവൺമെൻറിതര സംഘടനകളുടെയും സജീവ പങ്കാളിത്തത്തോടുകൂടി ഒരു പങ്കാളിത്ത മാതൃക രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ ലക്ഷ്യം മുൻനിർത്തി കേരളത്തിൽ ഡിവിഷൻ തലത്തിൽ 36 എഫ്.ഡി.എ കളുടെ കീഴിലായി 400 വനസംരക്ഷണസമിതികളും (VSSs), 190 ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളും (EDC) പ്രവർത്തിച്ചു വരുന്നു. VSS/EDC എന്നിവയുടെ പദ്ധതി രൂപീകരണം, നിർവ്വഹണം, ആവശ്യമായ പരിശീലനം, മാർഗ്ഗനിർദ്ദേശം എന്നിവ FDA കളുടെ മേൽനോട്ടത്തിൽ നടപ്പാക്കുന്നു. സംസ്ഥാന തലത്തിൽ FDA കളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി സംസ്ഥാന വനവികസന ഏജൻസി (SFDA, Kerala) പ്രവർത്തിക്കുന്നു. |

**സെക്ഷൻ ഓഫീസർ**